**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2693 — 17-06-2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കേന്ദ്രവിഹിതം പാഴാക്കുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **കെ. കൃഷ്ണൻകുട്ടി** (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലവിനിയോഗം സംബന്ധിച്ച കേന്ദ്ര വിഹിതം ചെലവഴിക്കാതെ പാഴാക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാരിൽ നിന്നും കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക കേരള വാട്ടർ അതോറിറ്റി പൂർണ്ണമായി വിനിയോഗിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 കാലയളവിൽ 18 കോടി രൂപയും, 2017-18 കാലയളവിൽ 25.17 കോടി രൂപയും കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതി നിർവഹണത്തിൽ മികവ് പരിഗണിച്ച് അധിക ഇൻസെന്റീവ് ഫണ്ട് ആയി നൽകിയിരുന്നു.<br><br>കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം.കെ.എസ്.വൈ (പ്രധാനമന്ത്രി കൃഷി സിൻച്ചായി യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി ജലസേചന പ്രവർത്തികൾ നടപ്പിലാക്കുന്നതിലേക്കായി PMKSY/കേന്ദ്ര ജല കമ്മീഷൻ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ ഉണ്ട്. അവ പാലിക്കുന്ന പ്രവർത്തികൾക്ക് മാത്രമേ കേന്ദ്ര സഹായം ലഭിക്കുകയുള്ളൂ.<br>കേന്ദ്ര ജലകമ്മീഷൻ ജലസേചന പ്രവർത്തികൾക്കായി നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കേരളത്തിലെ പ്രത്യേക ഭൂപ്രകൃതിയും ജന സാന്ദ്രതയും കാരണം പല പ്രവർത്തികൾക്കും പാലിക്കുവാൻ കഴിയുന്നവയല്ല. ആയതിനാൽ, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവർത്തിക്കും കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രധാനപ്പെട്ട എത്ര പദ്ധതികളുടെ തുക യാണ് ചെലവഴിക്കാതിരുന്നതെന്നും എത്ര ശതമാനം തുകയാണ് ചെലവഴി ക്കാതിരുന്നതെന്നും അറിയിക്കാമോ: | (ബി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയാണ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതി. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടും നിലവിൽ 120 കോടി രൂപയുടെ കുടിശ്ശിക തീർക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും 2016-17 മുതൽ 2018-19 വരെ ലഭിച്ച തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതി നിർദ്ദേശങ്ങൾ യഥാസമയം സമർപ്പിക്കുന്നതിലുണ്ടായിരിക്കുന്ന കാല താമസം വ്യക്തമാക്കാമോ; | (സി) യും (ഡി) യും | കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്ക് ഇപ്പോൾ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം മൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കി യിട്ടുള്ള നാഷണൽ വാട്ടർ ക്വാളിറ്റി സബ്മിഷൻ പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങൾ കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല. മാത്രവുമല്ല കേരളത്തിന് അനുയോജ്യമായ പദ്ധതികൾക്ക് കേന്ദ്രവിഹിതത്തെ അപേക്ഷിച്ച് സംസ്ഥാന സർക്കാർ വൻതോതിൽ മുതൽമുടക്കേണ്ടിവരുന്ന സാഹചര്യത്തിൽ നാഷണൽ വാട്ടർ ക്വാളിറ്റി സബ്മിഷൻ (NWQSM)-ൽ ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല രാജ്യത്തെ തിരഞ്ഞെ ടുത്ത ജില്ലകളിൽ പൈപ്പ് വെള്ളം ലഭ്യമാക്കുന്നതി നുള്ള സ്വജൽ പദ്ധതിയിൽ കേരളത്തിൽ നിന്നും വയനാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെയും മാർഗരേഖ കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല. സ്വജൽ പദ്ധതി പ്രകാരം ഗുണഭോക്തൃ സമിതികളാണ് പദ്ധതികളുടെ നടത്തിപ്പ് പരിപാലന ചുമതല നിർവഹിക്കേണ്ടത്. |
| (ഡി) | കേന്ദ്ര പദ്ധതികൾക്കനുസരിച്ച് നിർദ്ദേശ ങ്ങൾ തയ്യാറാക്കി നൽകാൻ സംസ്ഥാന ത്തിന് കഴിയാത്ത സാഹചര്യം എന്താ ണെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മാർഗരേഖകളിൽ ആവശ്യമായ ഇളവ് വരുത്തി വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വൻകിട കുടിവെള്ള പദ്ധതികളിൽ നിന്നും വിതരണ ശൃംഖല ദീർഘിപ്പിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് അനുമതി ലഭ്യമാക്കാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജില്ലാ അടിസ്ഥാനത്തിലാണ് PMKSY യുടെ പ്രവർത്തികൾ തയ്യാറാക്കുന്നത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തി തയ്യാറാക്കിയ District Irrigation Plan യഥാ സമയം തന്നെ സമർപ്പിച്ചിരുന്നു. എന്നാൽ PMKSY യിൽ ഉൾപ്പെടുത്തിയ ജലസേചന പ്രവർത്തികൾക്ക് MoWR ൽ നിന്നും ഫണ്ട് ലഭിക്കണമെങ്കിൽ അവയ്ക്ക് CWC യുടെ അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്. CWC യുടെ PMKSY മാനദണ്ഡങ്ങൾ കേരളത്തിലെ പ്രത്യേക ഭൂപ്രകൃതിയും ജനസാന്ദ്രതയും കാരണം പാലിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി മേൽപറഞ്ഞ വിഷയങ്ങൾ പരിഗണിച്ച് മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചി ട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

Annexure

## Utilisation of Central fund

| | | | | | *Rs. In Crore* |
|---|---|---|---|---|---|
| Sl.No. | Year | Opening Balance | Release | Expenditure | Clossing Balance |
| 1 | 2016-17 | 0.00 | 69.76 | 69.52 | 0.24 |
| 2 | 2017-18 | 0.24 | 95.16 | 95.40 | 0.00 |
| 3 | 2018-19 | 0.00 | 82.73 | 82.73 | 0.00 |